**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2960** **21/08/2017-ൽ മറുപടിയ്ക്ക്**

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| **എ)** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | **എ)** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. |
| **ബി)** കോർപ്പറേഷനെ പുനഃസംഘടിപ്പിക്കുന്നതിനും നഷ്ടപ്പെട്ട തസ്തികകൾ പുനഃസ്ഥാപിക്കുന്നതിനുമുളള നടപടികൾ സ്വീകരിക്കുമോ; | **ബി)** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും സർക്കാരിൽ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| **സി)** കെയ്കോയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോർപറേഷന് ബാധ്യതയാകുന്ന തരത്തിൽ പിൻവാതിൽ കരാർ നിയമനങ്ങൾ നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാർ നിയമനങ്ങൾ പുനഃപരിശോധിക്കുമോ? | **സി)** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോർപ്പറേഷന് ബാദ്ധ്യതയാകുന്ന തരത്തിൽ പിൻവാതിൽ കരാർ നിയമനങ്ങൾ നടത്തിയതായി ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിരമിച്ച രണ്ട് ജീവനക്കാർ കാംകോയിൽ കൺസൾട്ടന്റ് ആയി ജോലിയിൽ തുടരുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവരുടെ സേവനം അവസാനിപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കാംകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പല കരാർ നിയമനങ്ങളും പുതുക്കേണ്ട എന്നു തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ